ഖുത്‌ബ
23.7.2004
ബൈത്തുൽ ഫുത്തൂഹ്
മോർഡൻ, ലണ്ടൻ.

بسم الله الرحمن الرحيم

# 38-ാമത് യു.കെ. ജൽസ.
# അതിഥികളും ആതിഥേയരും പാലിക്കേണ്ട കാര്യങ്ങൾ

തശ്ഹ്ഹുദും തഅവ്വുദും സൂറാഫാത്തിഹാ തിലാവത്തിനും ശേഷം അമീറുൽ മുഅ്മിനീൻ സൂറാ ഹശ്റിലെ പ ത്താമത്തെ വചനം പാരായണം ചെയ്തു.

وَالَّذِينَ تَبَوَّءُوا الدَّارَ وَالْإِيمَانَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِي صُدُورِهِمْ حَاجَةً مِّمَّا أُوتُوا وَيُؤْثِرُونَ عَلَىٰ أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۚ وَمَن يُوقَ شُحَّ نَفْسِهِ فَأُولَٰئِكَ هُمُ الْمُفْلِحُونَ (59:10)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശക്തമായ അടിത്തറയിൽ ജമാഅത്ത് രൂപീകൃതമായിട്ടുള്ള സ്ഥലങ്ങളിലെല്ലാം ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹമനുസരിച്ച് ജൽസ സംഘടിപ്പിക്കുന്നു. ഇൻശാഅല്ലാഹ്, അടുത്ത ജുമുഅ ദിവസം ബ്രിട്ടനിലെ ജൽസയും ആരംഭിക്കുകയാണ്. ഖലീഫ ദീർഘകാലമായി ലണ്ടനിൽ താമസിക്കുന്നകാരണ ത്താൽ ഈ ജൽസയ്ക്ക് ഒരു കേന്ദ്രജൽസയുടെ നിലകൈവന്നുകഴിഞ്ഞിരിക്കുന്നു. ലോകത്തെ വിവിധ രാഷ്ട്രങ്ങളിൽ നിന്ന് അഹ്മദികൾ സാമ്പത്തികബുദ്ധിമുട്ടുകൾ സഹിച്ചും ചിലപ്പോൾ രോഗങ്ങളും ബുദ്ധിമുട്ടുകളും അവഗണിച്ചും ഈ ജൽസയിൽ പങ്കെടുക്കാൻ വരുന്നു. ഇപ്രകാരം ലോകത്തെ വളരെയധികം രാഷ്ട്രങ്ങളുടെ പ്രാതിനിധ്യം ഇവിടെ ഉണ്ടാകുന്നു.

ഇപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ കാനഡയിൽ പോകുകയുണ്ടായി. കാനഡയിലെ ജൽസയിലും മുപ്പത്തിയൊന്ന് രാഷ്ട്രങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തിരുന്നു, പ്രത്യേകിച്ച് അവിടത്തെ സമീപരാഷ്ട്രങ്ങളിൽനിന്ന്. തെക്കേഅമേരിക്ക ൻ രാഷ്ട്രങ്ങളിൽ നിന്ന് മുമ്പത്തേക്കാൾ അധികം ആളുകൾ പങ്കെടുത്തിരുന്നു. അംഗസംഖ്യയുടെ അടിസ്ഥാനത്തിലും ചിലരാഷ്ട്രങ്ങളിൽ നടക്കുന്ന ജൽസയിൽ പങ്കെടുക്കുന്നവരുടെ എ ണ്ണം ഇവിടത്തെ ജൽസയെക്കാൾ കൂടുതലാണ്. ആഫ്രിക്കയിൽ ഞാൻ പോയിരുന്നു. അവിടെ ഘാനയിൽ തന്നെ നാല്പതിനായിരത്തിലധികമാളു കളാണ് പങ്കെടുത്തത്. നൈജീരിയയിൽ ഒന്നു രണ്ടുമണിക്കൂർ നേരത്തേക്കുമാത്രം മുപ്പതു മുപ്പത്തൊന്നായിരം സ്ത്രീപുരുഷന്മാർ ഒന്നിച്ചു കൂടിയിരുന്നു. ഇങ്ങനെ ലോകത്തെ വിവിധ രാഷ്ട്രങ്ങളിൽ ജൽസയുടെ അനുഗ്രഹം സ്വരുക്കൂ ട്ടുന്നതിനും അതിൽ നിന്നും ഫലം എടുക്കുന്നതിനും അഹ്മദികൾ സംഘടിക്കുന്നു. എന്നാൽ ഞാൻ പറഞ്ഞതുപോലെ പാക്കിസ്ഥാനിൽ നിന്ന് ഖലീഫയ്ക്ക് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. അതുകൊണ്ട് ഇംഗ്ലണ്ടിലെവാർഷികജൽസയ്ക്ക്, കേന്ദ്രത്തിൽ നടക്കുന്ന ജൽസയുടെ നില കൈവന്നിരിക്കുകയാണ്. കാരണം ബ്രിട്ടനിലെ ജൽസയാണ്, കഴിഞ്ഞഇരുപതു ഇരുപത്തൊന്നു വർഷമായി ഖലീഫ തുടർച്ചയായി പങ്കെടുക്കുന്ന ഏക ജൽസ. മാശാഅല്ലാഹ്! ഇംഗ്ലണ്ടിലെ ജമാഅത്ത് ഈ ഉത്തരവാദിത്തം നല്ലവണ്ണം നിറവേറ്റി. അല്ലാഹുതആലാ അവർക്ക് തുടർന്നും തൗഫീഖ് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.

പതുക്കെ പതുക്കെ ജൽസയുടെ ഏർപ്പാടു കളെല്ലാം കേന്ദ്രജൽസയിൽ ഉണ്ടായിരുന്നതുപോലെ ഇവിടെയും തുടങ്ങിയിരിക്കുന്നു. ആദ്യകാലങ്ങളിൽ ഇവിടത്തെ ജൽസകൾ വളരെ ചെറുതായിരുന്നു. ഇത്രവിശാലമായ ഏർപ്പാടുകളൊന്നും ആവശ്യമു ണ്ടായിരുന്നില്ല. എന്തായാലും ഇപ്പോൾ വളരെ വിശാലമായ നിലയിലാണ് ജൽസകൾ നടക്കുന്നത്. മുമ്പേ, എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്നു പോലും പ്രവർത്തകർക്ക് അറിവുണ്ടായിരുന്നില്ല. എന്തായാലും ഖലീഫത്തുൽ മസീഹ് റാബിഅ് റഹ് മഹുല്ലായുടെ നേതൃത്വത്തിൽ പതുക്കെ പതുക്കെ എല്ലാം മെച്ചപ്പെട്ടു. ഇപ്പോൾ വളരെയധികം അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞവർ ഷവും സംഘാടകർ തങ്ങളുടെ ഒരുപാട് പോരായ് മകൾ പരിഹരിച്ചു. ഈ വർഷവും അവർ ശ്രമിച്ചു വരുന്നു. ചിലകാര്യങ്ങൾ ഞാൻ ഇതുസംബന്ധമായി പറഞ്ഞി ട്ടുണ്ട്. അപ്പോൾ അമീർ സാഹിബ് ഉടനെ തന്നെ അതു പരിഹരിക്കാൻ ശ്രമിച്ചു. അല്ലാഹു തആലാ ജൽസയുടെ എല്ലാ ഏർപ്പാടുകളിലും

അനുഗ്രഹം ചൊരിയുമാറാകട്ടെ. എന്റെ നോട്ടത്തിൽ അടിസ്ഥാനപരമായ ഏർപ്പാട് അതിഥി സൽക്കാര മാണ്. അതിഥി സൽക്കാരത്തിനുള്ള ഏർപ്പാടുകൾ ശരിയായിക്കഴിഞ്ഞാൽ ജൽസയുടെ മറ്റുഏർപ്പാടു കൾ സാധാരണമായിത്തീരുന്നതാണ്. കാരണം മറ്റു ഏർപ്പാടുകളിലും വീഴ്ചകളുണ്ടാകുന്നത്, ഭക്ഷണ കാര്യങ്ങളിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങ ളിലും വീഴ്ചകളുണ്ടാകുമ്പോഴാണ്. അതുകൊ ണ്ട് ഈ വിഭാഗം വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതു കൊണ്ട് സേവനം ചെ യ്യുന്ന ഓരോ ഉദ്യോഗസ്ഥ നും ഇക്കാര്യം മുന്നിൽ കാണേണ്ടതാണ്. അവർ തങ്ങളുടെ ഡ്യൂ ട്ടി ശരിയായ നിലയിൽ നിർവ്വഹിക്കു ന്നതോടൊപ്പം സൽസ്വഭാവത്തിന്റെ രീതിയും നിലനിറുത്തേണ്ടതാണ്. എപ്പോഴും അതിഥികളോട് സൗമ്യമായി പെരുമാറണം. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ സ്നേഹമുണ്ടാക്കുമ്പോഴാണ് ഈ യഥാർത്ഥമായ ആതിഥ്യവും സേവനാവേശവും ഉണ്ടാകുക എന്ന നിയമം വിശുദ്ധഖുർആൻ നമ്മോട് പറയുന്നു. ഈ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിലു ണ്ടാകുമ്പോൾ നിങ്ങൾ നിങ്ങളുടെ സുഖത്തേക്കാ ളും, ആവശ്യത്തേക്കാളും, ആഗ്രഹങ്ങളെക്കാളും മുൻഗണന ദൂരേനിന്നു വരുന്നവർക്കുനൽകുന്ന താണ്. ഈ വികാരമനുസരിച്ച് സേവനം ചെയ്താൽ നിങ്ങൾ വിജയം വരിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. പ്രത്യേകിച്ച് ഹസ്റത്ത് മസീഹ്മൗഊദ് (അ) ന്റെ അതിഥികൾക്കുവേണ്ടി ഉന്നതമായ ഈ വികാരം പ്രകടിപ്പിച്ചാൽ തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനത്തിന് നിങ്ങൾ അർഹരായിത്തീരും.

അതിഥി സൽക്കാരം നബിമാരുടേയും അവരെ വിശ്വസിക്കുന്നവരുടേയും ഒരു പ്രത്യേക സമ്പ്രദാ യമാണ്. നോക്കുക, ഹസ്റത്ത് ഇബ്റാഹീം നബി (അ) അതിഥികളെ കണ്ടയുടനെ അവരോടു ചോദി ക്കാൻ നിൽക്കാതെ ഒരു പശുക്കുട്ടിയെ അറുത്തു. ആദ്യവെളിപാടുകൾ ഉണ്ടായതിനുശേഷം നബി (സ) യ്ക്ക് പരിഭ്രമം ഉണ്ടായപ്പോൾ മറ്റുകാര്യങ്ങൾക്ക് പുറമേ ഹസ്റത്ത് ഖദീജാ (റ) പറഞ്ഞ ഒരുകാര്യം, 'താങ്കൾവിഷമിക്കേണ്ട, അല്ലാഹു താങ്കളെ ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. കാരണം അങ്ങ് അതിഥി സൽക്കാരത്തിലും പാരമ്യതയിലെത്തിയിരിക്കുന്നു' എന്നാണ്. അതുകൊണ്ട് മുഹമ്മദുനബി (സ) യുടെ ഈ ഉന്നതമായ സ്വഭാവഗുണങ്ങളെ സ്വായത്തമാക്കു ക എന്നത് അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്ന നമ്മുടെ കടമയാണ്. ജൽസയുടെ ഈ ദിനങ്ങളിൽ അവിടുത്തെ സത്യവാനായ സ്നേഹിത ന്റെ അതിഥികളെ സ്വീകരിക്കാൻ നാം പ്രത്യേകം അരമുറുക്കി ഇറങ്ങുക; അങ്ങനെ അല്ലാഹുവിന്റെ സ്നേഹത്തിനവകാശികളാകുക.

സത്യവിശ്വാസത്തിന്റെ അടയാളമായി നബി (സ) പറഞ്ഞിട്ടുള്ളത്, തന്റെ അതിഥിയുടെ ആതിഥേ യത്വത്തിന്റെ കടമ നിറവേറ്റുന്നവനാണ് യഥാർത്ഥ സത്യവിശ്വാസി എന്നാണ്. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കു ന്നവൻ ഒന്നുകിൽ നല്ലകാര്യം പറഞ്ഞുകൊള്ളട്ടെ, അല്ലെങ്കിൽ മൗനം പാലിച്ചുകൊള്ളട്ടെ. അല്ലാഹുവി ലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽവാസിയെ ആദരിച്ചുകൊള്ളട്ടെ. അല്ലാഹുവി ലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ മാനിച്ചു കൊള്ളട്ടെ'. (മുസ്ലിം)

ഉൽകൃഷ്ട സ്വഭാവവും സത്യവിശ്വാസത്തി ന്റെ അടയാളമാണ്. അല്ലാഹു തആല നബി (സ) യുടെ ഉൽകൃഷ്ടസ്വഭാവത്തെ സാക്ഷ്യപ്പെടുത്തി യിരിക്കുന്നു. അവിടുത്തെ ഉമ്മത്തിൽ പെടുന്ന നാമും അതേ ചുവടുകളെ പിൻപറ്റാൻ ശ്രമിക്കേണ്ടതാണ്. കാരണം തന്റെ പ്രിയപ്പെ ട്ട റസൂലിന്റെ ഉത്തമമായ മാതൃകയനുസരിച്ച് നടക്കാൻ അല്ലാഹുവിന്റെ വ്യക്തമായ കല്പനയാണുള്ളത്. റസൂൽ പറഞ്ഞു: എന്നെ പിൻതുടരുന്നവരിൽപ്പെടണമെങ്കിൽ എപ്പോഴും നിങ്ങളുടെ പ്രിയപ്പെട്ടവരേയും ബന്ധുക്കളേയും സമീപവാസികളേയും ബന്ധപ്പെട്ട വരേയും കുറിച്ച് നല്ലതുമാത്രമേ നിങ്ങളുടെ വായിൽ നിന്ന് പുറത്തുവരാൻ പാടുള്ളു. അയൽ വാസികളോടും മാന്യമായി പെരുമാറേണ്ടതാണ്. അയൽവാസിയെ അനന്തരാവകാശിയാക്കി ത്തീർക്കുമെന്ന് ധരിക്കുവോളം അയൽവാസികളെ സംബന്ധിച്ച് അല്ലാഹുവിന്റെ കല്പനകൾ പറഞ്ഞുകൊ ണ്ടിരുന്നതായി സ്വഹാബത്ത് പറഞ്ഞു.

അതിഥികളെ ആദരിക്കണമെന്നും ഇതിൽ പറഞ്ഞിരിക്കുന്നു. അതിഥികൾ നമ്മുടെ അടുത്ത് വന്ന് താമസിക്കുമ്പോൾ അവർ നമ്മുടെ അയൽ വാസികളുമാകുന്നു. അതുകൊണ്ട് അതിഥികൾക്ക് രണ്ടവകാശങ്ങളുണ്ട്. ഒന്ന് അതിഥിക്കുള്ളത്. മറ്റൊന്ന് ഇവിടെ താമസിക്കുവോളം നമ്മുടെ അയൽ വാസി എന്നനിലക്കുമുള്ളത്. അവരെ വിഷമിപ്പിക്കു ന്ന ഒരുകാര്യവും നിങ്ങളുടെ വായിൽ നിന്ന് പുറത്തു വരാതിരിക്കേണ്ടതാണ്.

നബി (സ) യുടെ അടുക്കൽ പുറത്തുനിന്നുള്ള സംഘങ്ങൾ വരുമ്പോൾ ആതിഥ്യത്തിനായി അവിടുന്ന് സ്വഹാബത്തിനെ ഏൽപ്പിച്ചുകൊടുക്കു മായിരുന്നു. ഒരിക്കൽ അബ്ദുൽ ഖയ്സ് ഗോത്രത്തിലെ മുസ്ലിംകൾ നബി (സ) യുടെയടു ക്കൽ വന്നു. അൻസാറുകളോടു അവരെ സ്വീകരിക്കാൻ നബി (സ) പറ ഞ്ഞു. അൻസാർ അവരെ കൂട്ടിക്കൊണ്ടുപോയി. രാവിലെ അവർവന്ന പ്പോൾ നബി (സ) അന്വേഷിച്ചു: നിങ്ങളുടെ ആതി ഥേയർ നിങ്ങളെ എങ്ങനെ സൽക്കരിച്ചു?. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ അവർ വളരെ നല്ലവരാണ്. ഞങ്ങൾക്കുവേണ്ടി മാർദവമേറിയ കിടക്കവിരിച്ചു തന്നു. കഴിക്കാൻ നല്ലഭക്ഷണം തന്നു.

രാത്രിമുഴുവൻ കിതാബിന്റെയും സുന്നത്തിന്റെയും പാഠം നൽകിക്കൊണ്ടിരുന്നു.'

അൽഹംദുലില്ലാഹ്. ഇപ്പോൾ നമ്മുടെ ജമാഅത്തിലും ഈ കാഴ്ചകൾ കാണാൻ കഴിയും. ഇത് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ്; ഹസ്റത്ത് മസീഹ്മൗഊദ് (അ) നെ വിശ്വസിച്ചകാരണത്താൽ ഈ ഉന്നതനില സ്ഥാപിക്കാൻ അവൻ നമുക്ക് തൗഫീഖ് നൽകി. റബ്വയിലും നമ്മൾ ഇതുകണ്ടു, എന്നല്ല നാം സ്വയം അങ്ങനെ ചെയ്തുകൊണ്ടുമിരുന്നു. അവരുമായിട്ട് ഒരു രക്തബന്ധവുമില്ലായിരുന്നു, മാത്രമല്ല വർഷംതോറുമാണ് മിക്കപ്പോഴും കണ്ടുമുട്ടുന്നത്. ചിലപ്പോൾ പലവർഷങ്ങൾ കഴിഞ്ഞായിരിക്കും കാണുക. കാരണം ജമാഅത്ത് വ്യവസ്ഥിതിയനു സരിച്ച് സംഘാടകർ പറയുന്നസ്ഥലത്താണ് അതിഥികൾ താമസിക്കേണ്ടത്. അതുകൊണ്ട് ഒരിടത്തുതന്നെ ഒരു അതിഥി സ്ഥിരമായി താമസിച്ചുകൊള്ളണമെന്നില്ല. ചിലപ്പോൾ അതിഥികൾ മാറ്റപ്പെടും. എന്തായാലും ജൽസയിൽ വരുന്നവരെ അതിഥികളായി വീട്ടിൽ പാർപ്പിക്കുന്നത് അവർ ഹസ്റത്ത് മസീഹ്മൗഊദ് (അ) ന്റെ അതിഥികളാണെന്ന പരിഗണനയിൽ മാത്രമാണ്. അതുകൊണ്ടാണ് സ്വന്തം സുഖസൗകര്യങ്ങൾ ത്യാഗം ചെയ്യുന്നതും. ഇവിടെയും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികൾക്കുവേണ്ടി നിങ്ങൾ ഉത്സാഹം കാണിച്ചുകൊണ്ടിരുന്നു, കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മുമ്പത്തേക്കാളധികം ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഞാനിപ്രാവശ്യം കാനഡയിൽ പോയിരുന്നു അവിടത്തെ ചില അഹ്മദി വീടുകൾ റബ്വയിലെ ഓർമകൾ പുതുക്കുന്നതായിരുന്നു. വീട്ടുകാർ ഒരുമുറിയിൽ ഒതുങ്ങിക്കൂടികൊണ്ട് മറ്റുമുറികളെല്ലാം അതിഥികൾക്കായിവിട്ടുകൊടുത്തു. ആ അതിഥികളെ അവർക്ക് പരിചയം പോലുമുണ്ടായിരുന്നില്ല. ഒരു രക്തബന്ധവുമുണ്ടായിരുന്നില്ല. പക്ഷെ, ഒരു സുദൃഢമായ ബന്ധമുണ്ട്. അത് അഹ്മദിയ്യത്തിന്റെ ബന്ധമാണ്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് തന്നെ ഈ ബന്ധത്തെ നിലയുറപ്പിച്ചിരിക്കുന്നു. ഈ ശക്തമായ കയറിനെ പിടിച്ചിരിക്കുന്നു. അല്ലാഹു തആല ലോകത്തെ എല്ലാരാഷ്ട്രങ്ങളിലും ഈ കാഴ്ച നമുക്ക് കാണിച്ചുതരുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: ഒരു യാത്രക്കാരൻ നബി (സ) തിരുമേനിയുടെയടുക്കൽവന്നു. അപ്പോൾ അതിഥിയ്ക്ക് ഭക്ഷണം കൊടുത്തയക്കാൻ വീട്ടിലേക്ക് ആളെ പറഞ്ഞയച്ചു. വെള്ളമല്ലാതെ ഇന്നൊന്നുമില്ലെന്ന് അവിടെനിന്ന് വിവരം കിട്ടി. ഈ അതിഥിയ്ക്കുള്ള ഭക്ഷണം ഏർപ്പാടുചെയ്യാൻ ആർക്കെങ്കിലും കഴിയുമോഎന്ന് നബി (സ) സ്വഹാബത്തിനോടു ചോദിച്ചു. ഹുസൂർ, ഞാൻ ചെയ്തുകൊള്ളാമെന്ന് ഒരു അൻസ്വാരിപറഞ്ഞു.

ആ അതിഥിയെയും കൂട്ടി അദ്ദേഹം തന്റെ ഭാര്യയുടെയടുക്കൽ ചെന്ന്, നബി (സ) തിരുമേനിയുടെ അതിഥിയ്ക്ക് ഭക്ഷണം ഏർപ്പാടുചെയ്യുക എന്നുപറഞ്ഞു.

ഇവിടെ കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യാനുള്ള സാധനങ്ങളേയുള്ളുഎന്ന് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. ഇതുകേട്ടപ്പോൾ, ഉള്ളതുകൊണ്ട് ഭക്ഷണമുണ്ടാക്കാനും പിന്നീട് വിളക്കുതെളിക്കാനും കുട്ടികൾ ഭക്ഷണത്തിനായി വരുമ്പോൾ അവരെ എന്തെങ്കിലും ഒഴിവ്കഴിവ്പറ ഞ്ഞ് ഉറക്കാനും അദ്ദേഹം പറഞ്ഞു. അങ്ങനെ ആ സ്ത്രീ ഭക്ഷണമുണ്ടാക്കി. വിളക്കുതെളിച്ചു. കുട്ടികളെ വിശപ്പോടുകൂടിതന്നെ ഉറക്കുകയുംചെയ്തു. പിന്നീട് വിളക്കു ശരിയാക്കാനെന്ന ഭാവേന എഴുന്നേറ്റ് അത് അണയ്ക്കുകയും ചെയ്തു. അതിനുശേഷം അവർ രണ്ടുപേരും അതിഥിയോടൊപ്പം ഭക്ഷണം കഴിക്കാനിരുന്നു. അതിഥി വയറു നിറയെ ഭക്ഷണം കഴിച്ചുകഴിയുന്നതുവരെ അവർ സ്വയം ഭക്ഷണം കഴിക്കുന്നതുപോലെ അഭിനയിക്കുകയായിരുന്നു. വീട്ടുകാരും തന്നോടൊപ്പം ഭക്ഷണം കഴിക്കുന്നുണ്ടെന്ന് കരുതി സന്തോഷത്തോടും സംതൃപ്തിയോടും കൂടി അതിഥി വയറുനിറയെ ഭക്ഷണം കഴിക്കട്ടെ എന്നുകരുതിയാണ് വീട്ടുകാർ ഇങ്ങനെ ചെയ്തത്. അങ്ങനെ അതിഥി വയറുനിറയെ ഭക്ഷണം കഴിച്ചു. വീട്ടുകാർ വിശപ്പോടുകൂടി ഉറങ്ങുകയും ചെയ്തു. അവരുടെ ഈ പ്രവൃത്തി അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടു. ഈ സംഭവത്തെപ്പറ്റി അല്ലാഹുതന്നെ നബി (സ) തിരുമേനിക്ക് അറിയിച്ചുകൊടുത്തു. ഈ അൻസാരി സുബ്ഹി നമസ്ക്കാരത്തിനായി നബി (സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ, 'രാത്രിയിലെ നിങ്ങളുടെ പ്രവൃത്തിക ണ്ട് അല്ലാഹുവും ചിരിച്ചുപോയെ'ന്ന് നബി (സ) പറഞ്ഞു. ഈ സന്ദർഭത്തിലാണ്, "തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിലും അവർ തങ്ങളേക്കാൾ അഭയാർത്ഥിൾക്ക് മുൻഗണന കല്പിക്കുന്നു. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽ നിന്നും സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ" എന്ന ഖുർആനിക വചനമിറങ്ങിയതെന്ന് രേഖപ്പെ ടുത്തിയിരിക്കുന്നു. (ബുഖാരി)

നമ്മൾ ഒരുപാടു പ്രാവശ്യം കേട്ടിട്ടുള്ളതും നമ്മളിൽ നിന്ന് ഒരുപാടാളുകൾ വായിച്ചിട്ടുള്ളതുമായ ഈ ഹദീസ് എത്രപ്രാവശ്യം വായിച്ചാലും അതിൽ രസമുണ്ടാകും. ആ സ്വഹാബിയുടെ സ്ഥാനത്ത് നാമായിരുന്നുവെങ്കിൽ എന്ന ആഗ്രഹവും ഉണ്ടാകും. കാരണം ഈ ഉന്നതമായ തരത്തിലുള്ള അതിഥി സൽക്കാരത്തെ ലോകം നിലനിൽക്കുവോളം അല്ലാഹു സുരക്ഷിതമാക്കി വെച്ചിരിക്കുന്നു.

ഇത് എന്നെന്നേക്കുമുള്ള ഒരു ഉദ്ധരണിയായിത്തീർന്നിരിക്കുന്നു. ഇത് രേഖയിൽ നിലനിൽക്കുകയും ചെയ്യും. അല്ലാഹു തആല തന്റെ പ്രിയപ്പെ ട്ട നബി (സ) മുഖേന സന്തോഷത്തിന്റെ അംഗീകാരം നേരിട്ടറിയിച്ച ഒരു അതിഥി സൽക്കാരമാണിത്. ഈ ഉദാഹരണങ്ങൾ കഥയെന്ന നിലയിൽ പറഞ്ഞു പോകുകയല്ല. ഇന്നും ആഗ്രഹിക്കുകയാണെങ്കിൽ ഇത്തരം അതിഥി സൽക്കാരം നിലനിർത്താൻ കഴിയുന്നതാണ്. ഒരോരുത്തർക്കും അവരുടേതായ കഴിവുകൾ ഉണ്ട്. തൗഫീഖ് ഉണ്ട്. അതനുസരിച്ച് എത്രയധികം അതിഥിസൽക്കാരം ചെയ്യാൻ കഴിയുമോ അത്രയും ചെയ്യേണ്ടതാണ്. നല്ലതും ഉന്നതവുമായ അതിഥിസൽക്കാരത്തിന്റെ നിലകര സ്ഥമാക്കാൻ കഴിയുന്നതാണ്. എന്നാൽ ഈ ബഹുമതി ആ അൻസാരിക്കുമാത്രമായി നൽകപ്പെട്ടിരിക്കുന്നു; അല്ലാഹുവിന്റെ റസൂൽ (സ) മുഖേന അല്ലാഹു സന്തോഷം പ്രകടിപ്പിച്ചതാണ് ഈ അതിഥി സൽക്കാരം. സദുദ്ദേശ്യത്തോടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അവന്റെ സന്തോഷത്തിനായി ത്യാഗത്തിന്റെ ഉന്നതമായനില നിലനിറുത്തിക്കൊ ണ്ട് അതിഥിസൽക്കാരം ചെയ്താൽ, 'അല്ലാഹുവിന്റെ പ്രിയപ്പെട്ട മസീഹിന്റെ അതിഥികളാണ്, അല്ലാഹുവിനുവേണ്ടി മാത്രമാണ് ഇവിടെ സംഘടിച്ചിരിക്കുന്നത്, പരിചയമുള്ള വരാണെങ്കിലും അല്ലെങ്കിലും അവരെ നമ്മൾ സേവിക്കേണ്ടതാണ്' എന്ന ഉദ്ദേശത്തോടെ ആതിഥ്യമരുളിയാൽ, ഈ അതിഥി സൽക്കാരം അല്ലാഹുവിന്റെ പക്കൽ രേഖപ്പെടുത്തപ്പെടുന്നതാണ്. തനിക്കുവേണ്ടി ചെയ്തിട്ടുള്ള ഒരു കർമത്തിനും പ്രതിഫലം നൽകാതെ അല്ലാഹു വിട്ടുകളയുകയില്ല. ഈ ലോകത്ത് പ്രതിഫലം നൽകപ്പെടാം, അല്ലെങ്കിൽ പരലോകത്തേക്ക് മാറ്റിവെക്കപ്പെടാം. ഈ ലോകത്തും പ്രതിഫലം ലഭിക്കുന്ന നന്മകളുണ്ട്. ചിലപ്പോൾ അല്ലാഹു ഈലോകത്തുതന്നെ പെട്ടെന്ന് അതുപ്രകടിപ്പിക്കാറുണ്ട്. അവന്റെ അനുഗ്രഹം കാണാൻ കഴിയുന്നുണ്ടാകും. അതിൽ നിന്ന് ഇന്നകാരണത്താലാണ് ഈ അനുഗ്രഹം ഉണ്ടായതെന്ന് ബോധ്യമാവുകയും ചെയ്യും. ഇത്തരം സന്ദർഭം വരുമ്പോൾ അല്ലാഹുവിന്റെ സന്നിധിയിൽ കൂടുതൽ പ്രണമിക്കേണ്ടതാണ്. ഒരു തരത്തിലുള്ള പൊങ്ങച്ചവും മനസ്സിലുണ്ടാകരുത്. മറിച്ച് വിനയത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ തുഹ്ഫ (റ) നിവേദനം ചെയ്യുന്നു. നബി (സ)തിരുമേനിയുടെ യടുക്കൽ അധികമായി അതിഥികൾ വരുമ്പോൾ ഓരോരുത്തരും അവരുടെ അതിഥികളെ കൂ ട്ടിക്കൊണ്ട് പോകാൻ അവിടുന്ന് പറയുമായിരുന്നു. ഒരു രാത്രി നബി (സ) യുടെ അടുത്ത് ഒരുപാട് അതിഥികൾ വന്നു. ഓരോരുത്തരും അവരവരുടെ അതിഥിയെ കൂടെ കൊണ്ടുപോവുകയെന്ന് നബി (സ) പറഞ്ഞു. അബ്ദുല്ലാഹ് ബിൻ തുഅ്ഫ പറയുന്നു. ഞാൻ നബി (സ) യോടൊപ്പം പോയവരുടെ കൂട്ടത്തിലാണുണ്ടായിരുന്നത്. അവിടുന്ന് വീട്ടിലെത്തിയപ്പോൾ ഹസ്റത്ത് ആയിശാ (റ) യോട് എന്തെങ്കിലും കഴിക്കാനുണ്ടോ എന്നുചോദിച്ചു. അങ്ങേയ്ക്ക് നോമ്പുതുറക്കാൻ വേണ്ടി ഞാൻ ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടെന്ന് ഹസ്റത്ത് ആയിശാ (റ) പറ ഞ്ഞു. നിവേദകൻ പറയുന്നു. ഹസ്റത്ത് ആയിശ (റ) ആ ഭക്ഷണം പാത്രത്തിലെടുത്തുകൊണ്ടുവന്നു. അതിൽ നിന്ന് നബി (സ) അല്പം എടുത്തുതിന്നു. പിന്നീട് 'ബിസ്മില്ലാഹി ചൊല്ലി കഴിക്കുക' എന്നുപറഞ്ഞ് ആ അതിഥികൾക്കുകൊടുത്തു. അതിഥികൾ നോക്കാതെകണ്ട് വയറു നിറയെ അതു കഴിച്ചു. അതിനുശേഷം കുടിക്കാൻ വല്ലതുമുണ്ടോ എന്ന് ഹസ്റത്ത് ആയിശാ (റ) യോട് നബി (സ) ചോദിച്ചു. അങ്ങേയ്ക്കുവേണ്ടി ഹരീറ ഉണ്ടാക്കിയിട്ടുണ്ടെന്ന് ഹസ്റത്ത് ആയിശ (റ) അറിയിച്ചു. അതുകൊണ്ടു വരാൻ നബി (സ) പറഞ്ഞു. നബി (സ) ആ പാത്രം വാങ്ങി ചുണ്ടോട് മുട്ടിച്ച് അല്പം അതിൽ നിന്ന് കുടിച്ചു. 'ബിസ്മില്ലാഹ് ചൊല്ലികുടിക്കുക' എന്നു പറഞ്ഞ് അതിഥികൾക്ക് കൊടുക്കുകയും ചെയ്തു. ഞങ്ങൾ അതിലേക്ക് നോക്കാതെ കുടിച്ചുകൊണ്ടിരുന്നു. പിന്നീട് നബി (സ) തിരുമേനിയോട് അനുവാദം വാങ്ങി ഉറങ്ങുന്നതിനായി ഞങ്ങൾ പള്ളിയിലേക്കുപോയി. രാവിലെ നബി (സ) വന്നു. 'സ്വലാത്ത്, സ്വലാത്ത്' എന്നുപറഞ്ഞുകൊണ്ട് ജനങ്ങളെ ഉണർത്താൻ തുടങ്ങി. സുബ്ഹിക്കുവരുമ്പോൾ ജനങ്ങളെ ഉണർത്തുകയെന്നത് നബി (സ) യുടെ പതിവായിരുന്നു. നിവേദകൻ പറയുന്നു. എന്റെയടുത്തുവന്നപ്പോൾ ഞാൻ കമഴ്ന്നു കിടക്കുകയായിരുന്നു. താങ്കൾ ആരാണെന്ന് അവിടുന്ന് ചോദിച്ചപ്പോൾ അബ്ദുല്ലാഹ്ബിൻ തുഹ്ഫയാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഇങ്ങനെ ഉറങ്ങുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്ന് അവിടുന്ന് പറഞ്ഞു.

കമഴ്ന്ന് കിടന്നുറങ്ങുകയെന്നത് അല്ലാഹു ഇഷ്ടപ്പെടാത്ത പ്രവൃത്തിയാണ്. നേരെയോ ചരിഞ്ഞുകിടന്നോ ഉറങ്ങേണ്ടതാണ്. ബുദ്ധിമുട്ടില്ലെങ്കിൽ നല്ലത് വലത്തോട്ട് തിരിഞ്ഞുകിടന്നുറങ്ങുന്നതാണ്.

ഓരോകാര്യത്തിലും ജമാഅത്തിയായ നിലയിൽ ഉത്തരവാദിത്വങ്ങൾ വീതിച്ചുകൊടുക്കുമ്പോഴെല്ലാം നബി (സ) തിരുമേനി എന്തെങ്കിലും ഉത്തരവാദിത്വം തീർച്ചയായും ഏറ്റെടുക്കുമായിരുന്നു. ഇവിടെയും അതിഥികളെ വീട്ടിൽ കൊണ്ടുപോകേണ്ട സന്ദർഭമുണ്ടായപ്പോൾ, അവിടുന്നും കുറച്ച് അതിഥികളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. നിവേദനത്തിൽ പറഞ്ഞതു പോലെ ഹസ്റത്ത് ആയിശാ (റ) ഉണ്ടാക്കിയ

ഭക്ഷണം വളരെ കുറച്ചായിരുന്നു. അത് നബി (സ) തിരുമേനിക്കുവേണ്ടി ഉണ്ടാക്കിയതായിരുന്നു. നോമ്പുതുറക്കുന്നതിനായി അങ്ങേയ്ക്കുവേണ്ടി ഉണ്ടാക്കിയതാണെന്ന് പറയപ്പെട്ടപ്പോൾ, - നബി (സ) തിരുമേനിക്ക് നോമ്പായിരുന്നു. നോമ്പുതുറക്കണ മായിരുന്നു - താൻ ആദ്യം കഴിച്ചാൽ അല്ലാഹു അതിൽ അനുഗ്രഹംചൊരിയും എന്ന് നബി (സ) തിരുമേനിക്കറിയാമായിരുന്നു. അതുകൊണ്ട് ആദ്യം അല്പം കഴിച്ച് മറ്റുള്ളവർക്കു കഴിക്കാൻവേണ്ടി കൊടുക്കുകയും ചെയ്തു. അവരും ഒന്നും നോക്കാതെ തിന്നുകൊണ്ടിരുന്നു. എല്ലാവരും വയറുനിറയെ ഭക്ഷണം കഴിച്ചു. പിന്നീട് കുടിക്കാൻ ഹരീറവാങ്ങി. ഇവിടെ നോമ്പുതുറക്കുന്ന കാര്യങ്ങളൊന്നുമില്ല. അതിലും ബർക്കത്തുണ്ടാകു ന്നതിനുവേണ്ടി അവിടന്ന് ആദ്യമേ അല്പം കുടിച്ചു. ഇപ്രകാരം ഭക്ഷണം കഴിച്ചിട്ടുള്ള ഒരുപാട് സംഭവങ്ങൾ വേറെയുമുണ്ട്. ആദ്യം കഴിച്ചതിന്റെ ഉദ്ദേശ്യം അതിൽ ബർക്കത്തുണ്ടാകും എന്നതിനാലാ യിരുന്നു. ഇങ്ങനെ നബി (സ) തിരുമേനി ആദ്യം ഭക്ഷണം കഴിച്ചത് അതിഥിസൽക്കാരത്തിന്റെ കടമനിറവേറ്റുന്നതിനു വേണ്ടിയായിരുന്നു. അല്പം ഭക്ഷണമേയുള്ളു. അതുകൊണ്ട് റസൂൽ (സ) ആദ്യം കഴിക്കുകയും ദുആചെയ്യുകയും ചെയ്താൽ അതിൽ അനുഗ്രഹമുണ്ടാകും. അല്ലാതെ ഇതൊരു പൊതുവായ സമ്പ്രദായമല്ല. അതിഥികളെ സൽക്കരിക്കുമ്പോൾ ആദ്യം അതിഥികൾക്ക് കൊടുക്കുക. അതിനുശേഷം ബാക്കിയുള്ളത് നിങ്ങളും കഴിക്കുക.

ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം (റ) നിവേദനം ചെയ്യുന്നു: നബി (സ) തിരുമേനി മദീനയിൽ കാലുവെച്ചപ്പോൾ ജനങ്ങൾ അദ്ദേഹ ത്തിനു ചുറ്റും തടിച്ചുകൂടി. ഓടിയോടി അവിടത്തെ സന്നിധിയിലെത്തിയവരിൽ ഞാനുമുണ്ടായിരുന്നു. അവിടുത്തെ മുഖം ഞാൻ നല്ലവണ്ണം കണ്ടപ്പോൾ, ഇത് കള്ളവാദിയുടെ മുഖമല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. നബി (സ) തിരുമേനി ആദ്യം പറഞ്ഞകാര്യം ഞാൻ കേട്ടത് ഇതായിരുന്നു. 'സലാം ചൊല്ലൽ പതിവാക്കുക. ഭക്ഷണം കൊടുക്കുക. സ്നേഹിതന്മാരോടും ബന്ധുക്കളോടും നല്ലരീതി യിൽ പെരുമാറുക. ജനങ്ങൾ സുഖനിദ്രയിലായി രിക്കുമ്പോൾ എഴുന്നേറ്റ് നമസ്ക്കരിക്കുക. അങ്ങനെയായാൽ സുരക്ഷിതരായി നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.'

ജനങ്ങളോട് നല്ലനിലയിൽ പെരുമാറിക്കൊണ്ട് സലാം ചൊല്ലൽ പതിവാക്കുക. എന്ന് നബി (സ) പറഞ്ഞിരിക്കുന്നു. സലാംചൊല്ലുക എന്നതിന്റെ ഉദ്ദേശ്യംതന്നെ എല്ലാവരോടും സ്നേഹത്തോടെ പെരുമാറുക എന്നതാണ്. എങ്കിലേ സലാം ചൊല്ലൽ എന്ന ചുമതല നിർവ്വഹിക്കപ്പെടുകയുള്ളു. വിശക്കു ന്നവർക്ക് ഭക്ഷണം കൊടുക്കാനും പറഞ്ഞിരിക്കു ന്നു. നിങ്ങളുടെയടുത്ത് വരുന്ന അതിഥികളെ മാന്യമായ നിലയിൽ സൽക്കരിക്കുക. ചിലപ്പോൾ വളരെ അകന്നബന്ധുക്കളോ, ആരെങ്കിലും മുഖേന അറിയുന്നവരോ വീട്ടിൽവരാറുമുണ്ട്. ഇന്നയാൾ എന്നെ പരിചയമുള്ളയാളാണ്, അതുകൊണ്ട് കാണാം എന്ന നിലയിലും ആളുകൾ വരാറുണ്ട്. അത്തരമാളുകൾ വന്നാൽ അവരോടും നല്ലരീതി യിൽ പെരുമാറേണ്ടതാണ്. പണം ചെലവുചെയ്ത് നിങ്ങളുടെയടുത്ത് വരുമ്പോൾ 'നിങ്ങളേയോ നിങ്ങളറിയുന്നആളേയോ ഞാനറിയുകയില്ല, അസ്സലാമുഅലൈക്കും' എന്നുപറഞ്ഞ് കതക് വലിച്ചടയ്ക്കരുത്. വഞ്ചകനാണെങ്കിൽ മുഖം കാണുമ്പോൾ തന്നെ അറിയാൻ കഴിയും. അഹ്മദികളെ അവരുടെ രൂപത്തിൽ നിന്നുതന്നെ തിരിച്ചറിയാൻ കഴിയുന്നതാണ്. അതുകൊണ്ട് ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് നിർധനരായ ബന്ധുക്കളോടും പ്രത്യേകം നല്ലനില യിൽ പെരുമാറേണ്ടതാണ്.

പിന്നീട് പറഞ്ഞത് ആരാധനയുടെ ഉന്നതമായ നില സ്ഥാപിക്കുക എന്നാണ്. കാരണം മുഅ്മിനീങ്ങളിൽനിന്ന് ഫർള് എന്തായാലും അനുഷ്ഠിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. അതെന്തായാലും നിങ്ങൾ ചെയ്യുന്നുണ്ടാകും. അതിഥിസൽക്കാരത്തിന്റെ ദിനങ്ങളിൽ നമസ്ക്കാരം മറക്കുന്നവരാകാൻ പാടില്ല. സൃഷ്ടികളോടുള്ള കടമ നിറവേറ്റിയതിനുശേഷം ഇപ്പോൾ നന്മയുടെ നില ഉയർന്നിട്ടുണ്ടെന്നും അതുകൊണ്ട് ഇനി നമസ്ക്കാരം വേണ്ടെന്നും കരുതരുത്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റേണ്ട അവശ്യമില്ലെന്നും വിചാരിക്കരുത്. സൃഷ്ടികളോടുള്ള കടമ നിവേറ്റുക എന്നത് അല്ലാ ഹുവിനോടുള്ള കടമനിറവേറ്റുന്നതുമായി ബന്ധപ്പെട്ടതാണ്. ഇബാദത്തിന്റെ ഉന്നതമായ നില സ്ഥാപിതമാകുന്നത് സൃഷ്ടികളോടുള്ള കടമ നിറവേറ്റുമ്പോഴാണ്. ഇതുരണ്ടും പരസ്പരം ബന്ധ പ്പെട്ടുനില്ക്കുന്ന ഒന്നാണ്. രണ്ടും ഒരുപോലെ കൊണ്ടുപോയെങ്കിലെ ഉന്നതമായ നില സ്ഥാപിത മാകുകയുള്ളൂ. ഇതു സ്ഥാപിതമായിക്കഴിഞ്ഞാൽ പിന്നീട് നിങ്ങൾ ചിന്താകുലരാവേണ്ട. ഈ സ്ഥാനം നേടി സമാധാനത്തോടെ അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കിക്കൊണ്ട് അവന്റെ സ്വർഗ്ഗത്തിൽ നിങ്ങൾ പ്രവേശിക്കുന്നതാണ്.

സ്വഹാബത്തിന്റെ അതിഥി സൽക്കാരം അതിഥികളിൽമാത്രം ഒതുങ്ങി നിന്നതായിരുന്നില്ലെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. പ്രത്യുത ശത്രു ക്കളും പിന്തള്ളപ്പെട്ടിരുന്നില്ല. തടവുപുള്ളികളോടും അവർ നല്ലനിലയിലാണ് പെരുമാറിയിരുന്നത്. അബൂ അസീസ് ബിൻ ഉമയർ ബദ്ർ യുദ്ധത്തിൽ പിടിക്ക പ്പെട്ട തടവുകാരനായിരുന്നു. അദ്ദേഹം പറയുന്നു: 'അൻസാർ എനിക്കു അവർ പാകം ചെയ്ത ചപ്പാത്തി തരികയും സ്വയം കാരക്കയും മറ്റും തിന്നുകയും

ചെയ്തിരുന്നു. അവരുടെ കൈയിൽ റൊട്ടിയുടെ കഷണം പോലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവർ എനിക്കതു തരുമായിരുന്നു; അവർ വിശന്നിരിക്കുമായിരുന്നു. ഞാൻ വേണ്ടെന്ന് പറഞ്ഞാലും അവർ നിർബന്ധിച്ച് തീറ്റിക്കുമായിരുന്നു'. ഇതാണ് ത്യാഗത്തിന്റെ ഉന്നതമായ നില. തടവുപുള്ളികളോടും നല്ല രീതിയിൽ പെരുമാറുന്നു. സ്വയം വിശപ്പ് സഹിക്കുകയും അവരെ തീറ്റിക്കുകയും ചെയ്യുന്നു. അന്യരോട് ഇങ്ങനെ പെരുമാറുമ്പോൾ, നമ്മുടെ ആളുകളോട് എങ്ങനെയാണ് പെരുമാറേണ്ടത്!

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികൾ സൽക്കാരത്തിന് എത്രമാത്രം അർഹതപ്പെട്ടവരാണ്. അവരുടെ സേവനത്തിൽ ഒരു കുറവും വരാൻ പാടില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) മായി ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഇനി പറയുന്നത്. ഹസ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു: 1901 ൽ ഞാൻ ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വരുമ്പോൾ ഭാര്യയും മക്കളും എന്നോടൊപ്പമുണ്ടായിരുന്നു. ആ സമയത്ത് അഞ്ചു വയസ്സും ഒരു വയസ്സുമുള്ള രണ്ടു കുട്ടികളും കൂടെ ഉണ്ടായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) താമസിക്കുന്ന മുകളിലത്തെ വീടിന്റെ മുറ്റത്തിനും ഇടവഴികൾ ചേരുന്നതിനും ഇടയ്ക്കുള്ള മുറിയാണ് ആദ്യം ഞങ്ങൾക്ക് താമസിക്കാൻ തന്നത്. അതിൽ ചെറിയ രണ്ടു കട്ടിലുകൾ ഇടാനെ സൗകര്യമുണ്ടായിരുന്നുള്ളൂ. ഹസ്റത്ത് മസീഹ് മൗഊദ് (അ) താമസിക്കുന്നതിന്റെ മുകൾഭാഗത്തു തന്നെയായിരുന്നു ഈ മുറിയും. കുറച്ചുമാസം ഞങ്ങൾ അവിടെ താമസിച്ചു. ചേർന്നുള്ള വരാന്തയിലും മുറ്റത്തും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉം അഹ്‌ലെ ബയ്‌അത്തും പാർത്തിരുന്നു. അതു കാരണത്താൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) സംസാരിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു.

ഒരു ദിവസം രാത്രി കുറേ അതിഥികൾ വന്നു. അവരുടെ താമസ സൗകര്യത്തിന്റെ കാര്യത്തിൽ ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്റത്ത് ജഹാം ബീഗം സാഹിബ (റ) വല്ലാതെ വിഷമിച്ചു. കാരണം മുറികളൊന്നും ഒഴിവുണ്ടായിരുന്നില്ല. ഇവരെ എവിടെ താമസിപ്പിക്കാനാണ്? അപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) അതിഥികളെ ആദരിക്കുന്നതിനെ സംബന്ധിച്ച് ഹസ്റത്ത് ബീബിസാഹിബയെ പക്ഷികളുടെ ഒരു കഥ കേൾപ്പിച്ചു. (നിവേദകൻ പറയുന്നു: ഞാൻ അടുത്ത മുറിയിൽ തന്നെയായിരുന്നു. അതുകൊണ്ട് കഥ മുഴുവനും ഞാൻ കേൾക്കുകയുണ്ടായി.)

കൂരിരുട്ട് നിറഞ്ഞ രാത്രിയിൽ ഒരു യാത്രക്കാരൻ കാട്ടിൽപ്പെട്ടുപോയി. അവിടെയെങ്ങും അയാൾ വെളിച്ചം കണ്ടില്ല. നിസ്സഹായനായ ആ മനുഷ്യൻ മരത്തിന്റെ ചുവട്ടിലിരുന്നു. ആ മരത്തിൽ കിളികൾ കൂടുകൂട്ടിയിരുന്നു. ആൺ കിളി പറഞ്ഞു: 'ഒരു യാത്രക്കാരൻ താഴെ വന്നിരിപ്പുണ്ട്. ഈ രാത്രി അദ്ദേഹം നമ്മുടെ അതിഥിയാണ്. അദ്ദേഹത്തെ സൽക്കരിക്കേണ്ടത് നമ്മുടെ കടമയുമാണ്'. പെൺകിളി ആ അഭിപ്രായത്തോടു യോജിച്ചു. രണ്ടുപേരും കൂടിയാലോചിക്കുവാൻ തുടങ്ങി. 'തണുപ്പുള്ള രാത്രിയാണ്. നമ്മുടെ അതിഥിക്ക് തീ കായേണ്ടിവരും. മറ്റൊന്നും നമ്മുടെ കൈയിലില്ല. അതുകൊണ്ട് നമ്മുടെ കൂട് പൊളിച്ച് നമുക്ക് താഴേക്കിടാം. അതു കത്തിച്ച് അദ്ദേഹം തീ കായട്ടെ.' അവർ അങ്ങനെത്തന്നെ ചെയ്തു. യാത്രക്കാരൻ ആ കൊള്ളികളെല്ലാം പെറുക്കിക്കൂട്ടി തീ കൊടുത്തു, തീകായാൻ തുടങ്ങി. പിന്നീട് മരത്തിലിരുന്ന കിളികൾ ആലോചിച്ചു. നമ്മുടെ അതിഥിയ്ക്ക് നല്ല വിശപ്പുണ്ടാകും. നമ്മുടെ കൈയിൽ ഒന്നുമില്ല. നമുക്ക് രണ്ടുപേർക്കും തീയിൽ വീഴാം. നമ്മെ ചുട്ടുതിന്ന് അദ്ദേഹം വിശപ്പടക്കട്ടെ. ആ കിളികൾ അങ്ങനെ തന്നെ ചെയ്തു. അങ്ങനെ അവർ അതിഥി സൽക്കാരത്തിന്റെ ബാധ്യത പൂർണ്ണമായും നിറവേറ്റി.

ഹസ്റത്ത് അമ്മാജാനെ, ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ കഥ കേൾപ്പിച്ചു; ഇങ്ങനെയാണ് അതിഥികളെ സേവിക്കേണ്ടതെന്ന്. ഈ മാതൃക തന്റെ ആളുകളിൽ നിലനാട്ടാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് അതിഥി സൽക്കാരത്തിനായി ത്യാഗം ചെയ്യേണ്ടി വരുമെന്നകാര്യം എപ്പോഴും ഓർമ വെയ്ക്കേണ്ടതാണ്. എത്ര സൗകര്യമുണ്ടെങ്കിലും അല്പമൊക്കെ ത്യാഗം ചെയ്യേണ്ടതായിവരും. അതിഥികൾ വരുന്നത് കാരുണ്യത്തിന് കാരണമാകുമെന്ന് പറയുന്നത് അതുകൊണ്ടാണ്. കാരണം അതിഥികൾക്കുവേണ്ടി എന്തായാലും ഇത്തരം ത്യാഗങ്ങൾ വരിക്കേണ്ടിവരും. അതിഥി സൽക്കാരത്തിന്റെ ഈ മാർഗ്ഗവും രീതിയുമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മെ പഠിപ്പിക്കാനാഗ്രഹിക്കുന്നത്. നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെ. ഇക്കാലത്ത് ഇത് പ്രകടമാകേണ്ടതാണ്.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറയുന്നു: 'നിങ്ങളുടെയടുത്ത് ഏതെങ്കിലും ഒരു ജനതയുടെ ആദരണീയ വ്യക്തിവന്നാൽ നിങ്ങൾ അദ്ദേഹത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.'

ഇവിടെയും ചില ആദരണീയ വ്യക്തികൾ വരാറുണ്ട്. ചിലർ അഹ്മദികളായിരിക്കുകയില്ല, ചിലർ അഹ്മദികളായിരിക്കും. അവരവരുടെ നാട്ടിലും, ജനതയിലും അവർക്കൊരു പദവിയുണ്ട്. അതുകൊണ്ട് അവരോട് ആദരവോടെ പെരുമാറേണ്ടതാണ്. അവർക്കുവേണ്ടി പ്രത്യേകം ഏർപ്പാടുചെയ്യുമെന്നത് ശരിതന്നെ. സംഘാടകർ അവരെ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും. എന്നാൽ, ജൽസയിൽ പങ്കെടുക്കാൻ വരുന്ന ഓരോ അഹ്മദിയും ഇവരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ ചില സംഭ

ങ്ങൾ ഉണ്ടാകാറുണ്ട്, അതുകൊണ്ട് ഇവരെ ആദരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 'ഇത് ദരിദ്ര രാഷ്ട്രത്തിലെ ആളാണ്. അദ്ദേഹത്തെ അധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ട ആവശ്യമില്ല' തുടങ്ങിയ ചിന്തകളെല്ലാം ശയ്ത്വാന്റെതാണ്. ഈ ദരിദ്ര രാഷ്ട്രങ്ങൾ തന്നെയാണ് അഹ്മദിയ്യത്തിനെ തുറന്ന ഹൃദയത്തോടെ സ്വീകരിച്ചിട്ടുള്ളത്. ഈ ആദരണീയ വ്യക്തികളും ജമാഅത്തിനോട് വളരെയധികം സഹകരിച്ചിട്ടുണ്ട്; ഇവരിൽ വരുന്ന അധികം പേരും. അതുകൊണ്ട് എല്ലാ അഹ്മദികളും അവരെ ആദരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥി സൽക്കാരത്തെക്കുറിച്ച് മറ്റൊരു സംഭവം പറയാം.

ഒരു ഹിന്ദു ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെയടുത്തുവന്നു. ഹിന്ദുക്കൾക്ക് ഒരു പ്രത്യേക സ്വഭാവവും, കുടിക്കുന്നതിനും തിന്നുന്നതിനും പ്രത്യേക രീതിയുമൊക്കെയുണ്ട്. മുസ്‌ലിംകൾക്ക് ഇതൊന്നും ഒരു പ്രശ്നമേ അല്ലായിരുന്നു. ലങ്കർ പ്രവർത്തിച്ചുകൊണ്ടിരുന്നു. ആളുകൾ വരികയും ഭക്ഷണം കഴിക്കുകയും ചെയ്തു. എന്നാൽ, ഹിന്ദു അതിഥിക്കുവേണ്ടി പ്രത്യേകം ഏർപ്പാടുണ്ടാക്കേണ്ടി വന്നു. അദ്ദേഹത്തിനുള്ള ഏർപ്പാട് മറ്റൊരിടത്ത് ചെയ്യണമായിരുന്നതുകൊണ്ട്, ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നത് വ്യക്തമാണ്. ആ ഘട്ടത്തിലും ഹസ്റത്ത് മസീഹ് മൗഊദ് (അ) അതിഥി സൽക്കാരത്തിനുള്ള പൂർണ്ണമായ ഏർപ്പാടു ചെയ്തിരുന്നു. അദ്ദേഹം കൂടിക്കാഴ്ചയ്ക്കായി വന്നപ്പോൾ അവിടുന്ന്, ഇദ്ദേഹം നമ്മുടെ അതിഥിയാണെന്നും ഇദ്ദേഹത്തിനു ഭക്ഷണത്തിന്റെ ഏർപ്പാട് എത്രയും വേഗം ചെയ്യേണ്ടതാണെന്നും പറഞ്ഞു. ഒരു ഹിന്ദുവിന്റെ വീട്ടിൽതന്നെ ഇദ്ദേഹത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ വേണ്ടി ഒരാളോട് പ്രത്യേകം നിർദ്ദേശിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് പുറത്തു നിന്ന് വരുന്ന അതിഥികൾക്കും പ്രത്യേക സൗകര്യം നാം ചെയ്യാറുണ്ട്. തിരക്കുള്ള ഈ ദിനങ്ങളിൽ ഏറ്റവും നല്ല ഏർപ്പാടുചെയ്യാനാണ് നാം ശ്രമിക്കുന്നത്. ഡ്യൂട്ടി ചെയ്യുന്നവരും പൊതുജനങ്ങളും ഞാൻ പറഞ്ഞതുപോലെ അവരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരുന്നതിനും പോകുന്നതിനുമൊന്നും അവർക്ക് ഒരു വിഷമവും ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് സംഘാടകർ ഇത്തരക്കാരോടൊപ്പം അവർക്ക് സഹായികളെ ഏർപ്പാടാക്കി കൊടുക്കേണ്ടതാണ്; ചെക്കിംഗ് തുടങ്ങിയവ നടക്കുമ്പോൾ ഒരു തരത്തിലുള്ള തെറ്റുധാരണയും അവരിൽ ഉണ്ടാകാതിരിക്കാൻവേണ്ടി. ഇതിനു പുറമെ ചില അഹ്മദികൾ ജൽസ കാണിക്കുന്നതിനുവേണ്ടി അനഹ്മദികളെ കൊണ്ടു വരാറുണ്ട്. അവരെയും സംഘാടകർ ശ്രദ്ധിക്കേണ്ടതാണ്. ആ ആളെക്കുറിച്ച് ബോധ്യപ്പെടാനും അതു ഉപകരിക്കും. അതും ആവശ്യമാണ്; മറ്റുള്ള അതിഥികളെ സൽക്കരിക്കുന്നതിനും ഇതാവശ്യമാണ്. ബോധ്യപ്പെടുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ചിലപ്പോൾ വളരെ കുറച്ചുകാലത്തെ പരിചയമേ ഉണ്ടാകുകയുള്ളൂ. ദഅ്വത്തെ ഇലല്ലായോടുള്ള താൽപര്യം കാരണം ചിലർ ചില തെറ്റായ ആളുകളെയും കൂട്ടിവരാറുണ്ട്. അങ്ങനെ വരുമ്പോൾ സൂക്ഷിക്കേണ്ടത് ആവശ്യമാണ്. എന്തായാലും അവരറിയാതെ-അധികം ചെക്കിംഗ് ചെയ്ത് തെറ്റുധാരണയുണ്ടാക്കാതെ-കാര്യങ്ങൾ എപ്പോഴും നടത്തേണ്ടതാണ്.

ഒരു നിവേദനമുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ) മഗ്രിബ് നമസ്കാരത്തിനുശേഷം മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മീർ സാഹിബ്, കാശ്മീരിൽ നിന്നുവന്ന അബ്ദുസ്സമദ് സാഹിബ് ആംദാസിനെ വിളിച്ച് ഹുസൂറിന്റെ കാലിനടുത്ത് സ്ഥലം കൊടുത്തു. ഹസ്റത്ത് അഖ്ദസിനോട് പറഞ്ഞു: ഇദ്ദേഹത്തിന് ഇവിടെ ഒരു വിഷമം ഉണ്ട്. ഇദ്ദേഹം ചോറുതിന്നുന്നയാളാണ്. ഇവിടെ റൊട്ടിയാണ് കിട്ടുന്നത്. ഇതു കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: അല്ലാഹു പറയുന്നു: ***വമാ അനാ മിനൽ മുത്തകല്ലിഫീൻ***. ഞാൻ അഭിനയിക്കുന്നവരിൽ പെട്ടവനുമല്ല (38:87) നമ്മുടെ അതിഥികളിൽ അഭിനയിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അതുകൊണ്ട് എന്താണോ ആവശ്യം അതു പറയുക. പിന്നീട് ഇദ്ദേഹത്തിനുവേണ്ടി ചോറുണ്ടാക്കാൻ നിർദ്ദേശം കൊടുത്തു.

ഇവിടെയും പൊതുവായിട്ടുള്ള ഏർപ്പാടുകളാണ് ചെയ്യുന്നത്. വിവിധ നാടുകളിൽ നിന്നും വിവിധ ജനതകളിൽ നിന്നുമുള്ള ജനങ്ങളാണ് ഇവിടെ വരുന്നത്. അവർക്ക് അതിനനുസരിച്ച് ഭക്ഷണം ഏർപ്പാട് ചെയ്യാറുണ്ട്. പക്ഷേ, ചിലപ്പോൾ ചിലയാളുകൾക്ക് നേർമയുള്ള ഭക്ഷണം ആവശ്യമായിവരും. ചിലർക്ക് ഭക്ഷണത്തിൽ പഥ്യവും ഉണ്ടായിരിക്കും. ഇതിനുള്ള ഏർപ്പാടുകളെല്ലാം സംഘാടകർ ചെയ്തിട്ടുണ്ടാകും. എന്നാൽ അത് അതിഥികൾ അറിഞ്ഞിട്ടുണ്ടാകുകയില്ല. അതുകൊണ്ട് ജൽസ സ്ഥലത്ത് ഇതിനുള്ള ഏർപ്പാട് സംഘാടകർ ചെയ്യേണ്ടതാണ്. രോഗികളോ മറ്റോ ഉണ്ടെങ്കിൽ അവർക്ക് പ്രത്യേകം ഏർപ്പാട് ചെയ്യേണ്ടതാണ്.

ചിലപ്പോൾ എന്തെങ്കിലും രോഗമുണ്ടാകും. ഭക്ഷണം നിയന്ത്രിച്ചാൽ കൊള്ളാമെന്നുണ്ടാകും. അപ്പോൾ അതിഥികൾ വന്നിട്ട് പഥ്യഭക്ഷണം തന്നെ കഴിക്കണമെന്നുപറയും. ചിലപ്പോൾ അതിഥികൾ അനാവശ്യമായി ദേഷ്യപ്പെടുകയും ചെയ്യും. എനിക്കറിയാം. ഞാനും ഇതു അനുഭവിച്ചിട്ടുള്ളതാണ്. എന്നാൽ, പ്രവർത്തകർ ക്ഷമയോടും ഉത്സാഹത്തോടും കൂടി സേവനം ചെയ്യേണ്ടതാണ്.

ഹസ്റത്ത് സയ്യിദ് ഹബീബുല്ലാഹ് സാഹിബ് ഹുസൂറിന്റെയടുത്തുവന്നു. ഉള്ളിൽ വിവരം അറിയിച്ചപ്പോൾ ഹസ്റത്ത് അഖ്ദസ് വെളിയിൽ വന്നിട്ട് പറഞ്ഞു: ഇന്ന് എനിക്കു സുഖമില്ലായിരുന്നു. എനിക്കു

വെളിയിൽ വരാൻ സാധിച്ചിരുന്നില്ല. എന്നാൽ, താങ്കൾ വന്നു എന്നറിഞ്ഞപ്പോൾ അതിഥിക്ക് ചില അവകാശമുള്ളകാര്യം ഞാനോർത്തു. വിഷമം സഹിച്ചാണ് താങ്കൾ വന്നത്. അതുകൊണ്ട് അതിഥിയോടുള്ള കടമ നിറവേറ്റാനാണ് ഞാൻ പുറത്തു വന്നത്.

ഞാനാദ്യം പറഞ്ഞതുപോലെ അതിഥികൾക്കുവേണ്ടി ത്യാഗം ചെയ്യേണ്ടതായിവരും. ഇവിടെയും ഈ പാഠമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) നല്കിയിട്ടുള്ളത്. വിഷമങ്ങളുണ്ടായിട്ടും കഠിനമായ ബുദ്ധിമുട്ടുണ്ടായിട്ടും അതിഥിയ്ക്കുവേണ്ടി അവിടുന്ന് വീട്ടിൽ നിന്ന് പുറത്തുവന്നു. അതുകൊണ്ട് ഈ നിയമം എപ്പോഴും ഓർമ വയ്ക്കേണ്ടതാണ്. വീട്ടിൽ വരുന്ന അതിഥികളെ തീർച്ചയായും കാണേണ്ടതാണ്. ഒരു തരത്തിലുള്ള ഒഴിവാക്കലും പാടില്ല. വീട്ടിൽ ആള് വന്നയുടനെ വെളിയിൽവന്ന് നോക്കി കതകടച്ച് തിരിച്ചുപോകാൻ പാടില്ല. കാരണം ഇവിടത്തെ ചിലയാളുകൾക്ക് ശരിയായ അറിവില്ല; പഴയ ആളുകളാണെന്ന്. പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ആളുകൾ വന്നിട്ട് പൈസകൂട്ടിവെച്ച് വണ്ടിക്കൂലി ഉണ്ടാക്കുന്നു. ഇവിടെ ജൽസയ്ക്കു വരുന്നതിനുവേണ്ടി മാത്രമാണിത്. കാരണം ഈ ജൽസയ്ക്ക്, ഒരു കേന്ദ്ര ജൽസ സാലാനയുടെ നില കൈവന്നിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലും ഇവിടെ താമസിക്കുന്ന നിങ്ങൾ എല്ലാവരും ഇത് ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ ബയ്ത്തുൽ ഫിക്റിൽ കിടക്കുകയായിരുന്നു. നിവേദനം ചെയ്യുന്നയാൾ പറഞ്ഞു: ഞാൻ മസീഹ് മൗഊദ് (അ) ന്റെ കാലുകൾ ഞെക്കിക്കൊടുക്കുകയായിരുന്നു. മുറിയുടെ ജനലിന്നരികിൽ വന്ന് ഒരാൾ മുട്ടി. ഞാൻ എഴുന്നേറ്റ് ജനൽ തുറക്കാൻ പോയപ്പോൾ, ഹസ്റത്ത് സാഹിബ് ചാടിയെണീറ്റ് എന്നെക്കാൾ മുമ്പേ ജനൽപാളി തുറന്നു. പിന്നീട് തന്റെ സ്ഥാനത്തിരുന്ന് കൊണ്ട് പറഞ്ഞു: താങ്കൾ നമ്മുടെ അതിഥിയാണ്. അതിഥികളെ ആദരിക്കേണ്ടതാണെന്ന് നബി (സ) പറഞ്ഞിരിക്കുന്നു.

ശിഷ്യന്റെ ഇംഗിതപ്രകാരം പാദങ്ങൾ ഞെക്കുവാനുള്ള അനുവാദം ഹസ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന് കൊടുത്തു. എന്നാൽ അതിഥിയോടുള്ള കടമ നിറവേറ്റേണ്ട അവസരം വന്നപ്പോൾ, സഹിച്ചില്ല ചാടിയെണീറ്റ് ജനൽ പാളി തുറന്നു.

അല്ലാതെ ഇന്നത്തെ പീർമാരെ പ്പോലെ, 'നീ എന്റെ കാല് ഞെക്കുകയല്ലേ, അതുകൊണ്ട് നീ എഴുന്നേറ്റ് വാതിൽ തുറക്കു, നിനക്ക് ഇത്ര സ്ഥാനമേയുള്ളൂ' എന്നു പറഞ്ഞില്ല. നോക്കുക എത്ര സൂക്ഷ്മതയോടെയാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഓരോ കാര്യവും ചെയ്തിരുന്നത്; നമുക്കായി ഈ ഉദാഹരണങ്ങൾ നിലനില്ക്കുന്നതിനുവേണ്ടി.

ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. മാന്യനും ഭക്തനുമായ ഒരു അഹ്മദിയായിരുന്നു സീട്ടി ഗുലാം നബി സാഹിബ്. ചക്‌വാളാണ് ജന്മസ്ഥലം. റാവൽപിണ്ടിയിലായിരുന്നു കച്ചവടം. അദ്ദേഹം എന്നോടു പറഞ്ഞു: ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ കാണുന്നതിനായി ഞാൻ ഖാദിയാനിൽവന്നു. തണുപ്പുകാലമായിരുന്നു. കുറച്ചുമഴയും ഉണ്ടായിരുന്നു. വൈകുന്നേരമാണ് ഞാൻ ഖാദിയാനിലെത്തിയത്. രാത്രി ഭക്ഷണം കഴിച്ച് ഞാൻ കിടന്നു. പന്ത്രണ്ടു മണി കഴിഞ്ഞപ്പോൾ ആരോ എന്റെ വാതിലിൽ മുട്ടുന്നതുകേട്ടു. ഞാൻ എഴുന്നേറ്റ് കതക് തുറന്നപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) നില്ക്കുന്നതാണ് കണ്ടത്. ഒരു കൈയിൽ ചൂടുപാലിന്റെ ഗ്ലാസ്. മറു കൈയിൽ റാന്തലും. ഞാൻ ഹുസൂറിനെ കണ്ട് പരിഭ്രമിച്ചുപോയി ഞാൻ ഹുസൂർ വളരെ വാൽസല്യത്തോടെ പറഞ്ഞു: "എവിടെനിന്നോ പാല് കൊണ്ടുവന്നു. താങ്കൾക്ക് കൊടുത്തിട്ട് വരാമെന്ന് ഞാൻ പറഞ്ഞു. താങ്കൾ ഇത് കുടിക്കുക. താങ്കൾക്ക് പാല് കുടിക്കുന്ന ശീലമുണ്ടാകുമല്ലോ. അതുകൊണ്ട് ഈ പാല് താങ്കൾക്കുവേണ്ടി കൊണ്ടുവന്നിരിക്കുകയാണ്." സീട്ടി സാഹിബ് പറയുന്നു: ഞാൻ കരഞ്ഞുപോയി. സുബ്ഹാനല്ലാഹ്! എത്ര ഉൽകൃഷ്ടമായ സ്വഭാവം. അല്ലാഹുവിന്റെ ഈ പ്രിയപ്പെട്ട മസീഹ് തന്റെ സേവകന്മാർക്കുപോലും ഹൃദയംഗമമായ നിലയിൽ സേവനം ചെയ്ത് എത്രമാത്രം ആനന്ദം കൊള്ളുന്നു.

നോക്കുക. അതിഥി സൽക്കാരത്തിന്റെ കാഴ്ചകൾ. അല്ലാഹുവിന്റെ മസീഹിന്റെ അതിഥി സൽക്കാരം. ഈ സംഭവം ഭാവനയിലൂടെ കണ്ടാൽ ഓരോരുത്തരുടെയും കണ്ണുകൾ നിറയുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പാതിരാത്രി നേരത്ത് റാന്തലുമെടുത്ത് പാലുമെടുത്ത് ഒരു അതിഥിയ്ക്കുവേണ്ടി കൊണ്ടുപോകുന്നു!

ഒരിക്കൽ ഒരു അതിഥി തന്റെ പക്കൽ കിടക്ക ഇല്ലെന്ന് പറഞ്ഞു. ഹസ്റത്ത് സാഹിബ്, ഹാഫിസ് അഹ്മദലി സാഹിബിനോട് അയാൾക്ക് രിസായി കൊടുക്കാൻ പറഞ്ഞു. ഇയാൾ അതും കൊണ്ട് പോയ്ക്കളയുമെന്ന് ഹാഫിസ് അഹ്മദലി സാഹിബ് പറഞ്ഞു. അയാളെ കണ്ടപ്പോൾ തോന്നിയിട്ടുണ്ടാകും അത്തരകാരനാണെന്ന്. ഇതു കേട്ടപ്പോൾ ഹുസൂർ (അ) പറഞ്ഞു: 'ഇയാൾ അതുകൊണ്ടു പോകുകയാണെങ്കിൽ അതിന്റെ പാപം അയാൾക്കായിരിക്കും. രിസായി ഇല്ലാതെ തണുപ്പ് പിടിച്ച് മരിച്ചാലോ നമ്മൾ പാപികളാകും.'

മൗലവി അബ്ദുൽകരീം സാഹിബ് പറയുന്നു: നാല് വർഷം മുമ്പേ നടന്ന സംഭവമാണ്. ഹസ്റത്ത് സാഹിബിന്റെ വീട്ടുകാർ ലുധിയാനയിൽ പോയിരിക്കുകയായിരുന്നു. ജൂൺ മാസമായിരുന്നു. പുതിയതായി പണിതതായിരുന്നു വീട്. ഉച്ചനേരത്ത് അവിടെ യുണ്ടായിരുന്ന ഒരു കട്ടിലിൽ ഞാൻ കിട

ന്നു. ഹുസൂർ ഉലാത്തുകയായിരുന്നു. ഞാൻ ഉണർന്നപ്പോൾ അവിടുന്ന് നിലത്ത് കിടക്കുന്നതു കണ്ടു. ഞാൻ പരിഭ്രമത്തോടെ എഴുന്നേറ്റിരുന്നു. എന്തിനാണ് ഉണർന്നതെന്ന് വളരെ സ്നേഹത്തോടെ അവിടുന്ന് ചോദിച്ചു. 'അങ്ങ് നിലത്തുകിടക്കുകയും, ഞാൻ കട്ടിലിൽ കിടക്കുകയും ചെയ്യുക. എങ്ങനെ ഉറക്കം വരാനാണ്.?' പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. 'ഞാൻ താങ്കൾക്ക് കാവൽ നില്ക്കുകയായിരുന്നു. കുട്ടികൾ ബഹളമുണ്ടാക്കുമ്പോൾ താങ്കളുടെ ഉറക്കത്തിന് ഭംഗം വരാതിരിക്കാൻ ഞാൻ അവരെ തടയുകയായിരുന്നു.'

ഹസ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു.

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ചില അതിഥികളോടൊപ്പം മസ്ജിദ് മുബാറക്കിന്റെ മുകൾഭാഗത്ത് ഭക്ഷണം കഴിക്കുന്നതിനായി ഇരിക്കുകയായിരുന്നു. ആ സമയത്ത് ലുധിയാനവാസിയായ മിയാൻ നിസാമുദ്ദീൻ സാഹിബ്-അദ്ദേഹം വളരെ ദരിദ്രനായിരുന്നു, അദ്ദേഹത്തിന്റെ വസ്ത്രം കീറിപ്പറിഞ്ഞതായിരുന്നു-മസീഹ് മൗഊദ് (അ) ഇരിക്കുന്നതിന്റെ മുന്നിൽ നാലഞ്ചാളുകൾക്ക് പിന്നിലായി ഇരിക്കുന്നുണ്ടായിരുന്നു. അപ്പോൾ കുറച്ച് അതിഥികൾ വന്ന് മസീഹ് മൗഊദ് (അ) ന്റെ മുന്നിലിരുന്നു. അവർ ഇരുന്നതുകൊണ്ട് മിയാൻ നിസാമുദ്ദീന് വീണ്ടും പിന്നിലേക്ക് മാറേണ്ടിവന്നു. അങ്ങനെ അദ്ദേഹം പിന്നിലേക്ക് നീങ്ങി നീങ്ങി ചെരുപ്പുകൾ സൂക്ഷിക്കുന്നിടം വരെയെത്തി. ഇത്രയും സമയം കൊണ്ട് ഭക്ഷണവും വന്നു. ഹുസൂർ (അ) ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഒരു പാത്രത്തിൽ അല്പം കറിയും കുറച്ചു റൊട്ടിയും കൈയിലെടുത്ത് എഴുന്നേറ്റുകൊണ്ട് മിയാൻ നിസാമുദ്ദീനോടു പറഞ്ഞു: 'മിയാൻ നിസാമുദ്ദീൻ വരിക, നമുക്ക് ഉള്ളിലിരുന്ന് ഭക്ഷണം കഴിക്കാം' ഇതു പറഞ്ഞുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പള്ളിയുടെ തൊട്ടുള്ള വീട്ടിലേക്ക് കയറിപ്പോയി. അവർ രണ്ടു പേരും അകത്തിരുന്ന് ഒരേയൊരു പാത്രത്തിൽ നിന്ന് ഭക്ഷണം കഴിച്ചു. ആ സമയത്ത് മിയാൻ നിസാമുദ്ദീന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. മിയാൻ നിസാമുദ്ദീനെ തള്ളിതള്ളി പിന്നിലാക്കിയവർ നാണം കെടുകയും ചെയ്തു.

കഴിഞ്ഞ ഖുത്ബയിൽ ഞാൻ മജ്‌ലിസിനോടുള്ള കടമകളെക്കുറിച്ച് പറഞ്ഞിരുന്നു. ഈ സംഭവം അതുമായി ബന്ധപ്പെട്ടതുമാണ്, അതിഥി സൽക്കാരത്തെ സംബന്ധിച്ചുള്ളതുമാണ്, മറ്റുള്ളവരുടെ വികാരത്തെ തൊട്ടറിയുന്നതിനെ സംബന്ധിച്ചുമാണ്.

പുതിയതായി വരുന്നവർക്ക്, ഇരിക്കുന്നവരുടെ സ്ഥാനത്തുനിന്ന് അവരെ നീക്കി അവിടെ ഇരിക്കാൻ ഒരവകാശവുമില്ല; അയാൾ സ്ഥലമൊഴിഞ്ഞാലും ശരി. ഹസ്റത്ത് മസീഹ് മൗഊദ് (അ) ആ സമയത്ത് അത്തരക്കാരോട് ഒന്നും പറഞ്ഞില്ല; എന്തിനാണ് അയാളെ പിന്നിലേക്ക് തള്ളിനീക്കുന്നതെന്നും ചോദിച്ചില്ല. തർബിയ്യത്ത് കൊടുക്കുകയായിരുന്നു ലക്ഷ്യം. ഈ വലിയവർക്ക് എങ്ങനെ തർബിയ്യത്ത് കൊടുക്കും എന്ന ചിന്തയിലായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ് (അ). ദരിദ്രരുടെ വികാരത്തെ അവിടുത്തെ ഹൃദയം മാനിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് ഭക്ഷണം വന്നയുടനെ ഒന്നും മിണ്ടാതെ കറിയും റൊട്ടിയുമെടുത്ത് ഒരു വശത്തേക്ക് മാറി. നിശബ്ദതയോടെ എല്ലാവർക്കും നല്ല തർബിയ്യത്തു കൊടുക്കുകയും ചെയ്തു. നിങ്ങൾ തരംതാണവനെന്ന് കരുതി ചെരുപ്പ് സൂക്ഷിക്കുന്ന സ്ഥലത്തേക്ക് തള്ളി മാറ്റിയ മനുഷ്യനെക്കുറിച്ച് അയാൾ അതിന് അർഹനാണെന്ന് മനസ്സിലാക്കരുത്. പ്രത്യുത അയാൾ നിങ്ങളെക്കാൾ ഒക്കെ ആദരവുള്ളവനാണ്. കാരണം ഇന്ന് അയാൾ അല്ലാഹുവിന്റെ മസീഹിനോടു ചേർന്നിരുന്ന് അദ്ദേഹത്തിന്റെ പ്ലേറ്റിൽനിന്ന് ഭക്ഷണം കഴിച്ചു.

ഇതു കണ്ടിട്ട് ആ വലിയവർക്കുണ്ടായ അവസ്ഥ ഒന്നോർത്തുനോക്കൂ. അവർ ലജ്ജകൊണ്ട് വെള്ളമായിട്ടുണ്ടാകും. അതുകൊണ്ട് എപ്പോഴും വിനയം കൈക്കൊള്ളുക. എല്ലാ അതിഥികളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. അതിഥികളോട് ആതിഥേയർ ഒരു പോലെ പെരുമാറേണ്ടതാണ്. ദരിദ്രനും തരംതാണവനുമെന്ന് കരുതി അതിഥി സൽക്കാരത്തിൽ വ്യത്യാസമുണ്ടാക്കരുത്. അതിഥികളോട് വ്യത്യാസം കല്പിക്കുന്നത് അല്ലാഹുവിന് എത്രമാത്രം വെറുപ്പാണ് ഉണ്ടാക്കുന്നതെന്ന് നോക്കുക.

ഒരിക്കൽ ജോലിക്കാരിൽനിന്ന് ഇത്തരം പക്ഷഭേദം ഉണ്ടായി. അത് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ അറിയിച്ചു. അവിടുന്ന് പറയുന്നു. 'രാത്രി അല്ലാഹു എന്നെ അറിയിച്ചു. ലങ്കർഖാനയിൽ രാത്രിയിൽ പക്ഷഭേദം കാണിക്കപ്പെട്ടു. ഇപ്പോൾ ലങ്കർഖാനയിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി ആറുമാസത്തേക്ക് ഖാദിയാനിൽ നിന്ന് പുറത്താക്കുക.' ദയയുള്ള പ്രകൃതിയായിരുന്നിട്ടും ഇത്രമാത്രം വെറുപ്പ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രകടിപ്പിക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു: 'ഇവരെ ആറുമാസത്തേക്ക് ഖാദിയാനിൽ നിന്ന് പുറത്താക്കുക. സൽപ്രകൃതിക്കാരും സാത്വികരുമായ ആളുകളെ നിയമിക്കുക.'

മറ്റൊരു സ്ഥലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: രാത്രി അല്ലാഹുവിൽനിന്ന് ശകാരം ഉണ്ടായിരിക്കുന്നു. (ഈ ഇൽഹാമിന് അല്ലാഹുവിന്റെ ശകാരത്തിന്റെ പേര് ഹസ്റത്ത് മസീഹ് മൗഊദ് (അ) നല്കുന്നു.) എന്റെ ലങ്കർ അല്പം പോലും സ്വീകരിക്കപ്പെട്ടില്ല. കാരണം ഇവിടെ പക്ഷഭേദം കാണിക്കപ്പെട്ടു. മിസ്ക്കീൻ പിന്തള്ളപ്പെട്ടു. സമ്പന്നന്മാർക്ക് നല്ല ഭക്ഷണം നല്കപ്പെട്ടു. പിന്നീട് ഭക്ഷണത്തിനുള്ള ഏർപ്പാട് ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ

സാന്നിദ്ധ്യത്തിൽ ചെയ്തു. എല്ലാവർക്കും ഒരേരീതിയിലുള്ള ഭക്ഷണം കൊടുത്തു.

ലങ്കർഖാനയുടെ നിയന്ത്രണം ഒരു ദീർഘകാലം വരെ ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്നെയാണ് നടത്തിയിരുന്നത്. ജോലിത്തിരക്ക് കൂടുകയും ക്ഷീണമുണ്ടാകുകയും ചെയ്തപ്പോഴാണ് ഒരു ഏർപ്പാടുണ്ടാക്കി അവർക്ക് ചുമതല ഏല്പിച്ചു കൊടുത്തത്.

ലങ്കർഖാന ഹസ്റത്ത് മസീഹ് മൗഊദ് (അ) നോക്കിയിരുന്നപ്പോഴുണ്ടായ ഒരു സംഭവം ഹസ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് വിവരിക്കുന്നു. ജൽസ സാലാനയുടെ അവസരത്തിൽ ഒരു പ്രാവശ്യം ചെലവിന് പൈസ ഉണ്ടായിരുന്നില്ല. ജൽസയ്ക്കുവേണ്ടി അക്കാലത്ത് പ്രത്യേകം ചന്ദയില്ലായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) സ്വയം തന്നെയാണ് ചെലവ് നടത്തിയിരുന്നത്. മീർ നാസിർ നവാബ് സാഹിബ് മർഹൂമിനെയാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ലങ്കർ ഖാനയുടെ ചുമതല ഏല്പിച്ചിരുന്നത്. രാത്രി ഭക്ഷണത്തിന് ഒന്നുമില്ലെന്ന് അദ്ദേഹം വന്നു പറഞ്ഞപ്പോൾ, ബീബി സാഹിബായുടെ അതായത് അമ്മാജാന്റെ ആഭരണം വാങ്ങി വിറ്റ് കിട്ടുന്നതുകൊണ്ട് സാധനം വാങ്ങാൻ അവിടുന്ന് പറഞ്ഞു. ആഭരണം വില്ക്കുകയോ പണയം വയ്ക്കുകയോ ചെയ്തിട്ട് മീർ സാഹിബ് പണം കൊണ്ടു വന്നു. അതിഥികൾക്കുവേണ്ടി സാധനങ്ങൾ എത്തിച്ചു. രണ്ടാം ദിവസം മീർസാഹിബ് വന്നിട്ട് നാളേയ്ക്ക് ഒന്നുമില്ലെന്ന് പറഞ്ഞു. ഞാനപ്പോൾ അവിടെ ഉണ്ടായിരുന്നു. അതു കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: നമ്മളെക്കൊണ്ടു കഴിയുന്നതൊക്കെ നാം ചെയ്തു കഴിഞ്ഞു. ആരുടെ അതിഥികളാണോ ഇവിടെയുള്ളത് അവൻ തന്നെ ഇനി ഏർപ്പാടു ചെയ്തു കൊള്ളും. അതായത് അല്ലാഹുവിന്റെ അതിഥികളാണ്. അവൻ തന്നെ എല്ലാ ഏർപ്പാടുകളും ചെയ്യുന്നതാണ്. അടുത്തദിവസം 8,9 മണിയായപ്പോൾ പോസ്റ്റുമാൻ വന്നു. ഹുസൂർ (അ) മീർസാഹിബിനെയും എന്നെയും വിളിച്ചു. പോസ്റ്റുമാന്റെ കൈയിൽ 10,15 മണിയോർഡറുകൾ ഉണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് വന്നതാണ്. നൂറിന്റെയും അമ്പതിന്റെയും മണിയോർഡറുകളായിരുന്നു. അക്കാലത്ത് 100നും 50നും നല്ല വിലയുണ്ടായിരുന്നു. ആ മണിയോർഡറുകളിൽ പണം അയച്ചവർ എഴുതിയിരുന്നു: അവിടെ വരാൻ ഞങ്ങൾക്കു കഴിയുന്നില്ല. അതിഥികളുടെ ചെലവിനായി ഈ രൂപ അയക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) അത് ഒപ്പിട്ട് വാങ്ങി. പിന്നീട് തവക്കൽ എന്ന വിഷയത്തെ അധികരിച്ച് ഒരു പ്രസംഗം ചെയ്തു. മറ്റു ചിലയാളുകളും അവിടെ ഉണ്ടായിരുന്നു. പറഞ്ഞു:

ഭൗതികരായ ആളുകൾക്ക് തങ്ങളുടെ പെട്ടിയിൽ വെച്ചിരിക്കുന്ന പണത്തിൽ വിശ്വാസമുള്ളതുപോലെ-ആഗ്രഹിക്കുമ്പോൾ അതെടുക്കാവുന്നതാണ്-അതിനെക്കാളെറെ അല്ലാഹുവിൽ തവക്കൽ ചെയ്യുന്നവർക്ക് വിശ്വാസമുണ്ടാകുന്നു. ആവശ്യമുള്ളപ്പോൾ അല്ലാഹു പെട്ടെന്ന് അയച്ചു തരുന്നു.

അവിടുന്ന് പറഞ്ഞു, ആരുടെ അതിഥികളാണോ അവൻ തന്നെ ഏർപ്പാടു ചെയ്യുമെന്ന്. പിറ്റേന്ന് തന്നെ അല്ലാഹു ഏർപ്പാടു ചെയ്തു.

അതിഥികളുടെ ചെലവിനുള്ളത് ഇക്കാലത്ത് അല്ലാഹു സംഘടിപ്പിച്ചു തരുന്നു. അതിൽ നമുക്കു ഒരു ചിന്തയുമില്ല. എന്നാൽ, ഒരു കാര്യം ഓർക്കുക. അതിഥി സൽക്കാരത്തിൽ ഒരു പക്ഷഭേദവും വ്യത്യാസവും ഉണ്ടാകാൻ പാടില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥി സൽക്കാരത്തെക്കുറിച്ച് ഒരു അനഹ്മദി പറഞ്ഞ കാര്യമാണ് കേൾപ്പിക്കുന്നത്. മൗലവി അബുൽകലാം ആസാദിന്റെ മൂത്തസഹോദരനായിരുന്നു അബുൽ നസ്ർ. 1905 മെയ് മൂന്നിന് അദ്ദേഹം ഖാദിയാനിൽ വന്നു. വക്കീൽ പത്രത്തിൽ തന്റെ യാത്രാവിവരണം അദ്ദേഹം എഴുതി. അദ്ദേഹം എഴുതുന്നു: "ഞാൻ മറ്റെന്താണ് കണ്ടത്? ഖാദിയാൻ കണ്ടു. മിർസാ സാഹിബുമായി കൂടിക്കാഴ്ച നടത്തി. അതിഥിയായി പാർത്തു. മിർസാ സാഹിബിന്റെ നല്ല സ്വഭാവങ്ങൾക്കും ദയാദൃഷ്ടിക്കും ഞാൻ നന്ദിരേഖപ്പെടുത്തേണ്ടതാണ്. ചൂടുകൊണ്ട് എന്റെ വായിൽ ചെറിയ കുരുക്കളുണ്ടായി. ഞാൻ കരഞ്ഞു. ഒന്നും തിന്നാൻ കഴിഞ്ഞിരുന്നില്ല. മിർസാ സാഹിബ് വീട്ടിൽ വന്ന് പാലും നേർത്ത ബ്രഡും കഴിക്കാൻ പറഞ്ഞു ജോലിക്കാരോട് ഇതുരണ്ടും കൊടുക്കാൻ പറഞ്ഞു." പിന്നീട് പറയുന്നു: "ഇക്കാലത്ത് മിർസാ സാഹിബ് ഖാദിയാനു വെളിയിൽ വിശാലവും യോഗ്യവുമായ ഒരു തോട്ടത്തിൽ-അത് അദ്ദേഹത്തിന്റെ തന്നെയാണ്-താമസിച്ചുവരികയാണ്. മറ്റു ആദരണീയ വ്യക്തികളും അവിടെത്തന്നെയാണ്. ഖാദിയാനിൽ ജനസംഖ്യ ഏകദേശം മൂവായിരമാണ്. എന്നാൽ, തേജസ്സും ജനങ്ങൾ ഒന്നിച്ചുകൂടി സന്തോഷിക്കുന്ന അന്തരീക്ഷവും വളരെയധികമാണ്. നവാബ് സാഹിബ് മാലേർ കോട്ടലായുടെ മനോഹരവും ഉയർന്നതുമായ ഒരു കെട്ടിടം മാത്രമെ ഇവിടെ വലുതായിട്ടുള്ളൂ. വഴി ഇടിഞ്ഞുപൊളിഞ്ഞതും, യാത്ര ദുഷ്ക്കരവുമാണ്. പ്രത്യേകിച്ച് ബട്ടാലയിൽനിന്ന് ഖാദിയാൻ വരെ വരുന്ന റോഡ് എല്ലാത്തിനെയും ഇക്കാര്യത്തിൽ വെട്ടിച്ചിരിക്കുകയാണ്. അതായത് ഏറ്റവും മോശപ്പെട്ട റോഡാണത്. വരുമ്പോൾ ടാങ്കയിൽ എനിക്ക് ഉണ്ടായ ബുദ്ധിമുട്ട് തിരിച്ചുപോകുമ്പോൾ നവാബ് സാഹിബിന്റെ വാഹനം മുഖേന നീക്കിത്തന്നു. മിർസാ സാഹിബിനെ കാണാനുള്ള ആഗ്രഹം എന്റെ മനസ്സിൽ അലയടിച്ചുയർന്നില്ലായിരുന്നെങ്കിൽ, ഒരു പക്ഷെ 8 മൈൽ എന്നത് 8 അടി പോലും എനിക്കു മുന്നോട്ടുവയ്ക്കാൻ കഴിയുമായിരുന്നില്ല. (അത്രമാത്രം മോശപ്പെട്ട വഴിയായിരുന്നു.) അതിഥി സൽക്കാരം പ്രത്യേക വ്യക്തികളിൽ മാത്രം

പരിമിതമായിരുന്നില്ല. ചെറിയവർ മുതൽ വലിയവർവരെ എല്ലാവരും ഒരേ രീതിയിൽ പെരുമാറി."

ഈ മാതൃക നാം എന്നെന്നും നിലനിറുത്തേണ്ടതാണ്. പൂർണ്ണമായ ശ്രദ്ധയോടുകൂടി, വിശാല ഹൃദയത്തോടെ, സന്തോഷത്തോടെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ഇവിടെ ജൽസയുടെ ദിനങ്ങളിൽ ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടില്ല. ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതാണ്. സുദീർഘമായ അനുഭവ പരിചയം കൊണ്ട് മാശാഅല്ലാഹ്, സംഘാടകരും സഹായികളും, ഈ അതിഥികളെ വിഷമം കൂടാതെ സേവിക്കാൻ അർഹരായിത്തീർന്നിട്ടുണ്ട്. എല്ലാ കഴിവോടും കൂടി സേവനം ചെയ്യേണ്ടതാണ്. എപ്പോഴും സഹിച്ചും പൊറുത്തും ദുആയോടുകൂടിയും ഇതിൽ മുന്നോട്ടുപോകുക. ഈ സേവനം ചെയ്തുകൊണ്ടിരിക്കുക. അടുത്ത ബന്ധുവിനെ പോലെ, അല്ല അതിനെക്കാളുപരി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ സേവിക്കാൻ ഭാഗ്യം നേടുക.

ഡ്യൂട്ടിയിലുള്ളവർക്കു പുറമെ-അവർ സേവനം ചെയ്യാൻ നിയമിക്കപ്പെട്ടവരാണ്, സേവനം ചെയ്യുകയും ചെയ്യും-ലണ്ടനിൽ വസിക്കുന്നവരിൽനിന്നും ഇസ്ലാമാബാദിന് ചുറ്റും താമസിക്കുന്നവരിൽനിന്നും പ്രതീക്ഷിക്കുന്നത് അവരും അതിഥിസൽക്കാരത്തിന്റെ മാതൃക കാണിക്കുമെന്നാണ്. അല്ലാഹു തആല എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 23- 07 - 2004 at
Baithul Futhuh
Morden, London.

## അറിയിപ്പ്

1. നമ്മുടെ ലണ്ടൻ ജൽസ ജൂലൈ 30,31, ആഗസ്റ്റ് 1 തിയ്യതികളിൽ U.K. യിൽ നടക്കുകയാണല്ലോ എം.ടി.എ. വീടുകളിലുള്ളവർ ഈ മൂന്നുദിവസവും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു...) ന്റെയും മറ്റുമഹാന്മാരുടേയും പരിപാടികൾ എം.ടി.എ. യിൽ കുടുംബസമേതം കാണാൻ ഏർപ്പാടുചെയ്യേണ്ടതാണ്. എം.ടി.എ. ഇല്ലാത്ത സഹോദരീ സഹോദരന്മാർക്ക് പരിപാടി കാണാനുള്ള സൗകര്യം ഓരോ ജമാഅത്തും ഏർപ്പാട് ചെയ്യേണ്ടതാണ്. നവ അഹ്മദികളെയും ഇതിൽ പങ്കെടുപ്പിക്കേണ്ടതാണ്. മേഖലാ ഇൻചാർജ് മേൽ നിർദ്ദേശങ്ങൾ പാലിച്ച് അതിന്റെ റിപ്പോർട്ട് അയക്കേണ്ടതാണ്.

2. സ്വന്തമായപരിപാടിയിലോ ജമാഅത്തിയായ പരിപാടികളിലോ മറ്റുജമാഅത്തുകളിൽ നിന്നോ സംസ്ഥാനങ്ങളിൽ നിന്നോ മുബല്ലിഗുമാരെ വിളിക്കുന്നതിനുമുൻപ് സുബായി അമീറിൽ നിന്നും അനുവാദം വാങ്ങേണ്ടതാണെന്ന് ഖാദിയാനിൽ നിന്നും ജ.നാസിർ സാഹിബ് (ഇസ്ലാഹോ ഇർഷാദ്) എല്ലാ ജമാഅത്തുകൾക്കും നിർദ്ദേശം നൽകിയിരിക്കുന്നു.

3. ഇറാൻ ദുരന്തത്തിനിരയായവർക്ക് ഹുസൂർ തിരുമനസ്സ് 2003 ഖാദിയാൻ ജൽസയിൽ നിർദേശിച്ചതനുസരിച്ച് മജ്ലിസ് ശൂറയുടെ തീരുമാനപ്രകാരം ബൈത്തുൽ മാൽ നൽകിയ അഞ്ച് ലക്ഷം രൂപയിലേക്ക് ജമാഅത്തുകൾ നല്കിയ വാഗ്ദാനം ഉടൻ പൂർത്തിയാക്കുവാൻ ജ.നാസിർ സാഹിബ് ബൈത്തുൽമാൽ അറിയിച്ചിരിക്കുന്നു.

വസ്സലാം

എ.പി. കുഞ്ഞാമു
അമീർ
അഹ്മദിയ്യാമുസ്ലിം ജമാഅത്ത്
കേരള.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**